**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

02.07.2014-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 517

## സാംക്രമിക രോഗങ്ങളുടെ നിരീക്ഷണവും നിയന്ത്രണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ. ലതിക<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സാംക്രമിക രോഗങ്ങളുടെ നിരീക്ഷണവും നിയന്ത്രണവും പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കാമോ; | (എ) സാംക്രമിക രോഗങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായ ഇൻഡഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോജക്ട് (ഐ.ഡി.എസ്.പി), നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം (എൻ.വി.ബി.ഡി.സി.പി) എന്നിവയും സംസ്ഥാന പ്ലാൻ പ്രോഗ്രാമായ രോഗ പരിവേഷണവും പകർച്ചവ്യാധി നിയന്ത്രണവും, ജലജന്യരോഗങ്ങളുടെ നിയന്ത്രണം എന്നീ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഈ പരിപാടികളുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.<br><br>• ആശുപത്രിതലത്തിലും ഫീൽഡ് തലത്തിലും ലാബ് തലത്തിലും വിവിധ സാംക്രമിക രോഗങ്ങൾ ബാധിച്ചവരുടെ കൃത്യമായ കണക്കുകൾ ശേഖരിക്കുക.<br>• സബ്സെന്റർതലം മുതൽ സംസ്ഥാനതലം വരെ പ്രതിദിന റിപ്പോർട്ടുകളും ക്രോഡീകരിച്ച് പ്രതിവാര റിപ്പോർട്ടുകളും തയ്യാറാക്കി അതാത് തലങ്ങളിൽ വിശകലനം ചെയ്ത് മുകൾ തലത്തിലേയ്ക്ക് അയയ്ക്കുക.<br>• വിശകലനത്തിന്റെ അടിസ്ഥാനത്തിൽ രോഗം പൊട്ടിപ്പുറപ്പെടാനുള്ള സൂചനകൾ മുൻ കൂറായി മനസ്സിലാക്കുക, അത്തരം പ്രദേശങ്ങൾ ദ്രുതകർമ്മസേന (ആർ.ആർ.റ്റി) സന്ദർശിച്ച് വേണ്ട നിയന്ത്രണ നടപടി സ്വീകരിക്കുക<br>• രോഗം എവിടെയെങ്കിലും പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മസേന (ആർ.ആർ.റ്റി) സ്ഥലം സന്ദർശിച്ച് ഊർജ്ജിത നിയന്ത്രണം നടത്തിക്കുന്നു. |

| | |
|---|---|
| | ഇപ്രകാരം ചെയ്യുന്നതുവഴി രോഗ<br>ബാധിതരുടെ എണ്ണം കുറയ്ക്കു<br>വാനും രോഗസംക്രമണത്തിന്റെ<br>തോത് കുറയ്ക്കുന്നതിനും മരണ<br>ങ്ങൾ കുറയ്ക്കുവാനും അങ്ങനെ<br>രോഗ നിയന്ത്രണം നടത്തുവാനും<br>സഹായകരമാകുന്നു. |
| (ബി) ഈ പരിപാടിക്കായി ഈ<br>വർഷം എത്ര തുക നീക്കിവച്ചിട്ടു<br>ണ്ടെന്ന് അറിയിക്കാമോ; തുക പര്യാ<br>പ്തമാണോ; | (ബി) സാംക്രമിക രോഗങ്ങളുടെ നിരീക്ഷണത്തി<br>നും നിയന്ത്രണത്തിനുമായി ഈ വർഷം (2014-2015)<br>ഇൻഡഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോജക്ട്<br>(ഐ.ഡി.എസ്.പി ക്ക്) 201 ലക്ഷം രൂപയും, നാഷണൽ<br>വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം<br>(എൻ.വി.ബി.ഡി.സി.പിക്ക്) 1257 ലക്ഷം<br>രൂപയ്ക്കുമുള്ള പ്രെപ്പോസൽ കേന്ദ്രഅനുമതിക്കായി<br>സമർപ്പിച്ചിട്ടുണ്ട്. തുടർ പ്രോജക്റ്റുകൾ എന്ന<br>നിലയ്ക്ക് ഇവയുടെ പ്രവർത്തനങ്ങൾ ജില്ലകളിലും<br>സംസ്ഥാന തലത്തിലും നടന്നുവരുന്നുണ്ട്.<br>സംസ്ഥാന പ്ലാൻ പ്രോഗ്രാമായ **രോഗ** പ<br>രിവേഷണവും, പകർച്ചവ്യാധി നിയന്ത്രണത്തിനും<br>വേണ്ടി 430 ലക്ഷം രൂപയും, ജലജന്യരോഗങ്ങളുടെ<br>നിയന്ത്രണത്തിനായി 65 ലക്ഷം രൂപയും<br>അനുവദിച്ചിട്ടുണ്ട്. ഈ തുക വിവിധ പ<br>രിപാടികൾക്കായി ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.<br>പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ തുക<br>സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് മുഖേന<br>അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.<br>ആയത് പരിശോധിച്ചുവരുന്നു. |
| (സി) ഇതിനായി നീക്കി വച്ച തുക<br>യുടെ അപര്യാപ്തത പകർച്ചവ്യാധി<br>കൾ തടയുന്നതിനുള്ള മരുന്നുകളും<br>ഉപകരണങ്ങളും വാങ്ങുന്നത് എത്ര<br>ത്തോളം അസാധ്യമാക്കിത്തീർക്കു<br>മെന്നും പരിപാടി പ്രയോജനരഹിതമാ<br>കുമെന്നും വിലയിരുത്തിയിട്ടുണ്ടോ ? | (സി) ഉണ്ട്. സാംക്രമിക രോഗങ്ങളുടെ<br>നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി പ്ലാൻ<br>ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ<br>കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഈ വർഷം<br>കൂടുതലായി ലഭിച്ചിട്ടുണ്ട്. പകർച്ചവ്യാധികളുടെ<br>തോത് വ്യാപനവും കണക്കിലെടുത്ത് അധികഫണ്ട്<br>ആവശ്യമെങ്കിൽ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്<br>വഴി അധികതുക ലഭ്യമാക്കുവാൻ നടപടികൾ<br>സ്വീകരിക്കുന്നതാണ്. നിലവിൽ പ്ലാൻ സ്കീമിൽ<br>അനുവദിച്ച തുകയ്ക്ക് ഭരണാനുമതി നൽകുകയും<br>പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ